# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4739

22.03.2018 ൽ മറുപടിക്ക്

### മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വനിതാ കോളേജിനായി സ്ഥലം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഗവൺമെന്റ് വനിതാ കോളേജിനായി അനുവദിച്ചിട്ടുള്ള 5 ഏക്കർ ഭൂമി വിട്ട് കൊടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) & (ബി) | 03.02.2016 ലെ G.O(Ms) No. 132/2016/ID പ്രകാരം ഇൻകെൽ - കെ എസ് ഐ ഡി സി പ്രോജക്ട് (ഇൻകിഡ് ) എന്ന സ്ഥാപനത്തിന് കെ എസ് ഐ ഡി സി പാട്ടത്തിന് നൽകിയിട്ടുള്ള 243.79 ഏക്കർ ഭൂമിയിൽ നിന്നും 30 ഏക്കർ തിരിച്ചെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും 30 ഏക്കർ കുറവുചെയ്തുകൊണ്ടുമുള്ള പാട്ടക്കരാർ പുതുക്കുന്നതിനും ഉത്തരവിറക്കിയിരുന്നു. ഇതിൻപ്രകാരം 20.02.2016 ന് പ്രസ്തുത 30 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും തുടർനടപടികൾ കൈക്കൊള്ളാനും മലപ്പുറം ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിരുന്നു.<br>02.03.2016 ലെ GO(Ms) No. 224/2016/RD ഉത്തരവിൻപ്രകാരം ഇൻകിഡ് എന്ന സ്ഥാപനം രൂപീകരിച്ചതിന്റേയും ഈ സ്ഥാപനത്തിന് സ്ഥലം പാട്ടത്തിന് നൽകിയതിന്റേയും ആധാരം റദ്ദാക്കപ്പെട്ടതിനാൽ പ്രസ്തുത പാട്ടക്കരാർ ഇതുവരെ പുതുക്കിയിട്ടില്ല. 23.10.2017 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 02.03.2016 ലെ റവന്യൂ വകുപ്പിന്റെ ഉത്തരവിന് ആവശ്യമായ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഭേദഗതി വരുത്തിയ ഉത്തരവ് ലഭ്യമായ ശേഷം പാട്ടക്കരാർ |
| (ബി) | താത്ക്കാലികമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോളേജിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എത്രയും വേഗം സ്ഥലം വിട്ട് കൊടുത്ത് ഉത്തരവിറക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നിരുന്നാലും വനിതാ കോളേജിനുവേണ്ട 5 ഏക്കർ ഭൂമി അളന്നു തിരിച്ച് കോളേജ് അധികാരികൾക്ക് കൈവശാവകാശം നൽകാവുന്നതാണെന്നും അവിടെ നിർമ്മാണപ്രവർത്തികൾ തുടങ്ങാവുന്നതാണെന്നും 27.04.2017 ലെ കത്തുമുഖേന കെ എസ് ഐ ഡി സി ജില്ലാകളക്ടറെ അറിയിച്ചിട്ടുണ്ട്. |

Bindu.T

സെക്ഷൻ ഓഫീസർ